പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2666 11/10/2011 ൽ മറുപടിയ്ക്ക്

**അടൂർ മണ്ഡലം - പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

മറുപടി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പ് അടൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തി വരുന്നത്; | (എ) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അടൂർ മണ്ഡലത്തിലെ കടമ്പനാട് പഞ്ചായത്തിൽ മലങ്കാവ് അംബേദ്കർ കോളനിയിൽ 'വിജ്ഞാൻവാടി' സ്ഥാപിക്കുന്നതിന് ഒന്നരലക്ഷം രൂപയും അടൂർ മണ്ഡലത്തിലെ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നവീകരണത്തിനായി പുസ്തകങ്ങൾ, ഫർണീച്ചർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനായി ഒരു ലക്ഷത്തി പതിനായിരം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ എട്ടാം തരത്തിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണ പദ്ധതിയിലും, മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്കുള്ള എൻട്രൻസ് പരിശീലനത്തിനുള്ള വിഷൻ 2013 എന്ന പദ്ധതിയിലും അടൂർ മണ്ഡലത്തിൽ നിന്നുമുള്ള അർഹരായ കുട്ടികളെ പരിഗണിച്ചിട്ടുണ്ട്. |
| (ബി) | പുതിയതായി എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | (ബി) & (സി) | അടൂർ മണ്ഡലത്തിലേയ്ക്കായി പുതിയ പദ്ധതി നിർദ്ദേശങ്ങളൊന്നും തന്നെ നിലവിൽ ലഭിച്ചിട്ടില്ല. പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അടൂർ മണ്ഡലത്തേയും ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധിക്കുന്നതാണ്. |
| (സി) | പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അടൂർ മണ്ഡലത്തെക്കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമോ ? | | |

സെക്ഷൻ ഓഫീസർ